II. അടിയന്തിര പ്രമേയം

വാറ്റ് നടപ്പിലാക്കരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു വിഭാഗം വ്യാപാരികൾ നടത്തുന്ന സമരം

മി. സ്പീക്കർ : വാറ്റ് നടപ്പിലാക്കരുത് എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു വിഭാഗം വ്യാപാരികൾ നടത്തുന്ന സമരത്തിന്റെ ഭാഗമായി സ്റ്റോക്ക് എടുപ്പ് നിർത്തുകയും അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള സാധനങ്ങളുടെ വരവ് തടയുകയും ചെയ്തുകൊണ്ടിരിക്കുന്നതിനാൽ ജീവൻരക്ഷാ മരുന്നുകൾ, അവശ്യ സാധനങ്ങൾ, പഴം-പച്ചക്കറി ഇവയ്ക്കൊക്കെ സംസ്ഥാനത്ത് ദൗർലഭ്യം നേരിടുകയും അനിയന്ത്രിതമായി വിലക്കയറ്റം ഉണ്ടാവുകയും ചെയ്തിരിക്കുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. കോടിയേരി ബാലകൃഷ്ണൻ, പി. എസ്. സുപാൽ, പി. സി. ജോർജ്, എ. സി. ഷൺമുഖദാസ്, വി. സി. കബീർ, കോവൂർ കുഞ്ഞുമോൻ, കെ. പി. മോഹനൻ, ഡോ. കെ. സി. ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ) :* സർ, വാറ്റ് നടപ്പിലാക്കുന്നതിനെതിരായി വ്യാപാരി വ്യവസായികളുടെ ഒരു സംഘടന നാളെ മുതൽ സമരം നടത്തുകയാണ്. അവർക്ക് ഗവൺമെന്റിന്റെ മുൻപിൽ വയ്ക്കാൻ യാതൊരു ഡിമാന്റുമില്ല. അവരോട് പല പ്രാവശ്യം ഗവൺമെന്റ് ചർച്ചകൾ നടത്തി. വാറ്റ് നടപ്പിലാക്കാൻ പാടില്ല എന്ന ഒരു നിലപാടായിരുന്നു അവർ ആദ്യം എടുത്തത്. വാറ്റ് നടപ്പിലാക്കണം. വാറ്റ് നടപ്പിലാക്കുമ്പോൾ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ ആ ബുദ്ധിമുട്ട് ഒഴിവാക്കാൻ ഗവൺമെന്റ് തയ്യാറാണ് എന്ന് ഗവൺമെന്റ് നിരന്തരമായി പറഞ്ഞിട്ടുണ്ട്. ഞാനും അവരെ മാത്രമായിട്ട് വിളിച്ച് സംസാരിച്ചു. അപ്പോൾ അവർ ഉന്നയിച്ച ആവശ്യം എന്ന് പറയുന്നത് ഭൂരിപക്ഷം സംസ്ഥാനങ്ങളിലും വാറ്റ് നടപ്പിലാക്കിയാൽ മാത്രമേ കേരളത്തിൽ നടപ്പിലാക്കാൻ പാടുള്ളൂ എന്ന് മാത്രമായിരുന്നു. അത് ഗവൺമെന്റ് സമ്മതിച്ചു. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വാറ്റ് നടപ്പിലാക്കണം. വാറ്റ് നടപ്പിലാക്കുകയാണെങ്കിൽ സംസ്ഥാനത്തിന്റെ താൽപ്പര്യത്തിന് നല്ലതാണ് എന്ന് വിശ്വസിക്കുന്ന കൂട്ടത്തിലാണെങ്കിലും ഇങ്ങനെ ഒരു പ്രധാന സംഘടനയടക്കം പറഞ്ഞപ്പോൾ ഗവൺമെന്റ് അത് സമ്മതിച്ച് യോജിപ്പിൽ പിരിഞ്ഞു എങ്കിലും പുറത്ത് സമരത്തിന്റെ പാതയിൽ നീങ്ങുന്നതു കണ്ടപ്പോൾ മുഖ്യമന്ത്രി അവരെ വിളിച്ച് കോൺഫറൻസ് നടത്തി. അപ്പോഴും അവർ രണ്ട് ഡിമാന്റ് മാത്രമാണ്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ മുന്നിൽ വച്ചത്. ഒന്ന്, ഭൂരിപക്ഷം സംസ്ഥാനങ്ങളും വാറ്റ് നടപ്പിലാക്കുകയാണെങ്കിൽ മാത്രമേ കേരളത്തിൽ നടപ്പാക്കാൻ പാടുള്ളൂ. രണ്ട്, എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായാൽ ആ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ഒരു കമ്മിറ്റി ഉണ്ടാക്കണം, അതിൽ അവരുടെ പ്രതിനിധികൾ വേണം. അവർക്ക് മൂന്നാമത് ഒരു ഡിമാന്റും വേറെ ഇല്ലായിരുന്നു. ഈ രണ്ടു ഡിമാന്റുകളും ഗവൺമെന്റ് അംഗീകരിച്ചതാണ്. അവർ പുറത്ത് വീണ്ടും സമരം ചെയ്തു. ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ച അടിയന്തിര പ്രമേയ നോട്ടീസിൽ പറഞ്ഞിരിക്കുന്നതുപോലുള്ള ഗുരുതരമായ ഒരു സ്ഥിതിവിശേഷവുമില്ല. ഒരു ചെക്ക് പോസ്റ്റിലും ഇത് തടയുന്നില്ല. ഇന്ന് ഡി. ജി. പി.യിൽ നിന്നും കിട്ടിയ റിപ്പോർട്ട് അനുസരിച്ച് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ എല്ലാ ചെക്പോസ്റ്റിലും പോലീസിനെ നിയമിച്ചിട്ടുണ്ട്. അങ്ങനെ എവിടെയെങ്കിലും തടഞ്ഞാൽ അത് ദൃശ്യമാധ്യമങ്ങളിൽകൂടി വരും. ചെക്ക് പോസ്റ്റിൽ തടഞ്ഞിരുന്നെങ്കിൽ അതെല്ലാം ടി. വി.യിൽ വരുമായിരുന്നല്ലോ. ഇത്രയും ഇഫക്ടീവ് ആയിട്ടുള്ള ഒരു മീഡിയ വേറെ ഒരു സംസ്ഥാനത്തിനും ഇല്ലല്ലോ? അങ്ങനെ ഒരു സ്ഥിതിവിശേഷവുമില്ല. പോലീസിന് കർക്കശമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. വ്യാപാരി വ്യവസായി സംഘടനകൾ ഒരു യുദ്ധം പ്രഖ്യാപിച്ചതുകൊണ്ട് അവർക്കെതിരായിട്ട് നീങ്ങുന്നില്ല. അതേയവസരത്തിൽ കേരളത്തിലെ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന നടപടികൾ സ്വീകരിച്ചാൽ അത് തടയുന്നതിനുവേണ്ടി കർശനമായ നടപടി ഈ ഗവൺമെന്റ് സ്വീകരിക്കും. ഉദാഹരണത്തിന് കേരളത്തിൽ നിത്യോപയോഗ സാധനങ്ങൾ വരുന്നത് തടഞ്ഞാൽ നടപടി സ്വീകരിക്കും. യാതൊരു സംശയവും വേണ്ട. പക്ഷേ ഒരു വസ്തുതയുണ്ട്. ഇതിപ്പോൾ ഈ സമരം നടത്തിയതിനുശേഷം ഉണ്ടായതല്ല. കഴിഞ്ഞ ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി transaction-ൽ അൽപ്പം കുറവ് വന്നിട്ടുണ്ട്. അത് സമരത്തിന്റെ ഭാഗമായിട്ടല്ല. അത് നമ്മുടെ ടാക്സ് കളക്ഷനിൽനിന്നും മനസ്സിലാക്കാൻ പറ്റും. സെയിൽസ് ടാക്സ് നിയമം അനുസരിച്ച് ടാക്സ് പിരിക്കുന്നതിൽനിന്നും വിപരീതമായി വാറ്റ് എന്ന പുതിയ ഒരു സിസ്റ്റം, change over, വരുന്നതിലുള്ള ആശങ്കയാണ്. യഥാർത്ഥത്തിൽ ഈ set off ഉള്ളതുകൊണ്ട് കച്ചവടക്കാർക്ക് നഷ്ടം ഉണ്ടാവില്ല. അത് ഞാൻ ആവർത്തിച്ചു പറഞ്ഞതാണ്. എങ്കിലും ചില കച്ചവടക്കാർക്ക് ചില ആശങ്ക ഉള്ളതുകൊണ്ട് സ്റ്റോക്കെടുപ്പിൽ കുറവ് വരുത്തിയിട്ടുണ്ട് എന്നുള്ളത് പരമാർത്ഥമാണ്. പക്ഷേ ആശങ്കാജനകമായ ഒരു സ്ഥിതിവിശേഷവുമില്ല. അരിക്കൊന്നും വില കൂടിയിട്ടില്ല. പച്ചക്കറിക്ക് വിലകൂടിയിട്ടുള്ളത് അതുകൊണ്ട് മാത്രമല്ല, ഇത് ഉണക്ക് കാലമാണ്. എല്ലാ വർഷവും ഉണക്ക് കാലത്ത് പച്ചക്കറിക്ക്

LIBRARY ARCHIVES Kerala Legislative Assembly

വിലകൂടും. അത് ഉണ്ടാകാതിരിക്കാൻ വേണ്ടിയുള്ള എല്ലാ സംവിധാനവും ഗവൺമെന്റ് എടുക്കുന്നുണ്ട്. Civil Supplies Corporation-നെ അതിന് alert ചെയ്തിട്ടുണ്ട്. അവർ രണ്ടോ മൂന്നോ പ്രാവശ്യം കട അടച്ചിട്ടാലും ഗുരുതരമായ സ്ഥിതിവിശേഷം ഉണ്ടാകാത്ത രീതിയിലുള്ള എല്ലാ precautionary നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ഒരു ആശങ്കയ്ക്കും വകയില്ല; സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഗവൺമെന്റിന് അഭിപ്രായമില്ല. ബഹുമാനപ്പെട്ട മെമ്പർ നിർദ്ദേശിക്കുന്ന എന്തു നടപടിയും സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, സ്ഥിതിഗതികളുടെ ഗൗരവം തീരെ ഉൾക്കൊള്ളാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല എന്നതാണ് ഈ പ്രസ്താവന വ്യക്തമാക്കുന്നത്. മൂല്യവർദ്ധിത നികുതി സമ്പ്രദായം നടപ്പിലാക്കുന്നതിന് എതിരായിട്ടാണ് ഒരു വിഭാഗം വ്യാപാരികൾ സമരം പ്രഖ്യാപിച്ചത്. ഈ സമരം പ്രഖ്യാപിച്ചിട്ട് കുറേ ദിവസങ്ങളായി. എന്നാൽ ഇത് ഉളവാക്കുന്ന സംഭവവികാസം എങ്ങനെ കൈകാര്യം ചെയ്യണമെന്നതിനെ സംബന്ധിച്ച് ഈ ഗവൺമെന്റിന് യാതൊരും എത്തുംപിടിയും ഇല്ല എന്നുള്ളതാണ് ഗവൺമെന്റ് സ്വീകരിച്ച നിലപാടിൽകൂടി വ്യക്തമാകുന്നത്. വൻകിട ചെറുകിട വ്യാപാരികൾ ചരക്കിന്റെ സ്റ്റോക്കെടുപ്പ് നിർത്തികഴിഞ്ഞിരിക്കുകയാണ്. അവശ്യ വസ്തുക്കൾക്കുപോലും കടുത്ത ക്ഷാമം നേരിടാൻ തുടങ്ങിയിരിക്കുകയാണ്. ഇന്നലത്തോടുകൂടി സ്ഥിതി വളരെ ഗുരുതരമായി മാറിയിരിക്കുകയാണ്. അരി, പയറുവർഗ്ഗങ്ങൾ, പഞ്ചസാര എന്നിവയുടെ വരവ് പൂർണ്ണമായി നിലച്ചിരിക്കുകയാണ്. പഴം-പച്ചക്കറി മുതലായവയുടെ വരവും പൂർണ്ണമായി നിലച്ചുകഴിഞ്ഞു. ജീവൻരക്ഷാ ഔഷധങ്ങൾക്കു വേണ്ടി പരക്കംപായുന്ന ജനങ്ങളെയാണ് നാം ഇന്ന് കാണുന്നത്. ആശുപത്രിയുടെ ചുറ്റുപാടും പോയി നോക്കിയാൽ അതിന്റെ ഗൗരവമായ സ്ഥിതി മനസ്സിലാക്കാൻ സാധിക്കും. മാർച്ച് 30, 31, ഏപ്രിൽ 1 തുടങ്ങിയ തീയതികളിലാണ് കട അടപ്പിനുള്ള മുൻകൂട്ടി പ്രഖ്യാപനം നടത്തിയിരിക്കുന്നത്. എന്നാൽ അതിന്റെ ഭാഗമായി പച്ചക്കറി വ്യാപാരികളും ചരക്ക് എടുപ്പ് നിർത്തുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. ഇതിൽ ഗുരുതരമായ സ്ഥിതിവിശേഷം, അതിർത്തി ചെക്ക്പോസ്റ്റുകളിൽ എത്തുന്ന ചരക്ക് ലോറികൾ വ്യാപാരികളുടെ സ്കാഡുകൾ ഉണ്ടാക്കി തടഞ്ഞുനിർത്തി പരിശോധിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് അങ്ങനെ ഇല്ല എന്നാണ്. ടെലിവിഷനിൽ തന്നെ നമ്മൾ കണ്ടുകൊണ്ടിരിക്കുന്നതാണ്. എല്ലാ ദിവസവും കാണിക്കുന്നുണ്ട്. മന്ത്രി ടെലിവിഷൻ കാണാറില്ല എന്നാണ് എനിക്ക് തോന്നുന്നത്. ഞങ്ങൾ കാണുന്ന

LIBRARY ARCHIVES Kerala Legislative Assembly

ടെലിവിഷനിൽ ഇത് കാണിക്കുന്നുണ്ട്. കഴിഞ്ഞ ദിവസം സംസ്ഥാനത്ത് എത്ര ലോറികളാണ് വന്നിട്ടുള്ളതെന്ന് മന്ത്രി തന്നെ പറയട്ടെ. 100 ലോറികൾ മാത്രമാണ് മറ്റു സംസ്ഥാനങ്ങളിൽനിന്നും രണ്ടു ദിവസമായിട്ട് ഇവിടെ വരുന്നത് എന്നുള്ളതാണ് വസ്തുത. ചെക്ക്പോസ്റ്റുകളിൽ വിൽപ്പന നികുതി ഉദ്യോഗസ്ഥൻമാർക്ക് സമാന്തരമായി വ്യാപാരികളുടെ സ്ക്വാഡുകൾ പ്രവർത്തിക്കുകയാണ്. ചരക്ക് ലോറികൾ പരിശോധിക്കാൻ ഇത്തരത്തിൽ സംഘങ്ങൾക്ക് ഗവൺമെന്റ് അനുവാദം കൊടുത്തിട്ടുണ്ടോ? അത് ഗവൺമെന്റ് ഇവിടെ വ്യക്തമാക്കണം. ചെക്ക്പോസ്റ്റിൽ പോലീസിനെ നിയമിച്ചിട്ടുണ്ടെന്ന് പറഞ്ഞു. എപ്പോഴാണ് പോലീസിനെ നിയോഗിച്ചത്? ഈ സംഭവങ്ങൾ ഉണ്ടായ സന്ദർഭത്തിൽ പോലീസിനെ നിയമിച്ചിട്ടില്ല. ഇന്നലെയോടു കൂടിയാണ് പോലീസുകാർ ചില സ്ഥലത്ത് പ്രത്യക്ഷപ്പെട്ടത്. അതിന്റെ അനന്തരഫലം, പോലീസും സെയിൽസ് ടാക്സ് ഉദ്യോഗസ്ഥൻമാരും ചേർന്നുകൊണ്ട് വലിയ ഒരു കൊയ്ത്ത് അവസരമായി ഇതിനെ ഉപയോഗിക്കാൻ തുടങ്ങിയിരിക്കുകയാണ്. സമരത്തിന്റെ മറവിൽ പൂഴ്ത്തിവയ്പ് ആരംഭിച്ചിരിക്കുകയാണ്. കൃത്രിമക്ഷാമം ഉണ്ടാക്കി വില വർദ്ധിപ്പിക്കുന്ന സ്ഥിതിവിശേഷത്തിലേക്കാണ് ഇപ്പോൾ സ്ഥിതിഗതികൾ ചെന്നെത്തിയിട്ടുള്ളത്. ഇതിനെ നേരിടാൻ വേണ്ടി സർക്കാർ സ്വീകരിച്ച നടപടിയാണ് ഈ അടിയന്തിര പ്രമേയത്തിന് ഞങ്ങൾ വിഷയമാക്കുന്നത്. സമരം ജനജീവിതത്തെ ഇത്രയധികം ബാധിച്ചിട്ടും വ്യാപാരികൾ ഉന്നയിച്ച പ്രശ്നത്തെ സംബന്ധിച്ച് ചർച്ച നടത്താൻ ഈ ഗവൺമെന്റ് തയ്യാറായിട്ടില്ല. വ്യാപാരികൾ ഉന്നയിച്ച പ്രശ്നത്തിനകത്തെ എന്തെങ്കിലും കാര്യങ്ങൾ ഗവൺമെന്റിന് പരിഹരിക്കാൻ സാധിക്കുമോ എന്നതാണ് ഗവൺമെന്റ് ആലോചിക്കേണ്ടത്. 'വാറ്റ്' നടപ്പാക്കുക എന്നത് ഇവിടെ പ്രായോഗികമാക്കുമ്പോൾ അവർ ഉന്നയിക്കുന്ന പ്രശ്നങ്ങൾക്ക് എങ്ങനെ പരിഹാരം കാണും എന്നത് ആലോചിക്കണം. മറ്റു സംസ്ഥാനങ്ങളിൽ വാറ്റ് നടപ്പാക്കാൻ സ്വീകരിച്ച നടപടിക്രമങ്ങൾ ഒന്നും നമ്മുടെ സംസ്ഥാനത്ത് സ്വീകരിച്ചിട്ടില്ല. പശ്ചിമബംഗാളിൽ വാറ്റ് നടപ്പാക്കാൻ തീരുമാനിച്ചപ്പോൾ കഴിഞ്ഞ മൂന്നുവർഷക്കാലമായി അവർ അതിനുവേണ്ടിയുള്ള തയ്യാറെടുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ ആശയങ്ങൾ ഉന്നയിക്കുന്ന ഓരോ കച്ചവട വിഭാഗത്തേയും വിളിച്ചുകൂട്ടി സംസാരിച്ച് അവരെ ബോദ്ധ്യപ്പെടുത്തണം. മരുന്ന് വ്യാപാരികൾക്ക് ആശങ്കയുണ്ടായി. ആ മരുന്നു വ്യാപാരികളുടെ ആശങ്കയാണ് ബംഗാൾ ഗവൺമെന്റ് ആദ്യം തീർത്തുകൊടുത്തത്. എന്നിട്ട് ഓരോ മേഖലയിലും ഉന്നയിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടതിനുശേഷമാണ് മറ്റു സംസ്ഥാനങ്ങളെല്ലാം വാറ്റ് നടപ്പിലാക്കാൻ തയ്യാറായത്. ഇവിടെ വാറ്റിന്റെ ബിൽ

LIBRARY ARCHIVES Kerala Legislative Assembly

തന്നെ അവതരിപ്പിച്ച് ചുളുവിൽ പാസ്സാക്കിയെടുത്തത് മുത്തങ്ങാ സമരം നടക്കുന്ന സന്ദർഭത്തിൽ പ്രതിപക്ഷം നിയമസഭ ബഹിഷ്ക്കരിച്ച സന്ദർഭത്തിലാണ്. ഈ വാറ്റിന്റെ പ്രത്യാഘാതങ്ങൾ എന്തൊക്കെയാണ്, ഗുണങ്ങൾ എന്തൊക്കെയാണ് എന്ന് കേരളീയ ജനസമൂഹത്തെ ബോദ്ധ്യപ്പെടുത്തുന്നതിൽ സംസ്ഥാന ഗവൺമെന്റ് പൂർണ്ണമായി പരാജയപ്പെട്ടു. വ്യാപാരി സമൂഹത്തിൽ ഉണ്ടായിരുന്ന ഉൽക്കണ്ഠ ദൂരീകരിച്ചു കൊടുക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടില്ല. ഈ വാറ്റ് നടപ്പാക്കിയാൽ രാജ്യത്ത് ഉണ്ടാകുന്ന മാറ്റം എന്താണ്; അതു സംബന്ധിച്ച് ജനങ്ങൾക്ക് വിശദീകരണം കൊടുക്കുന്നതിൽ ഈ ഗവൺമെന്റ് പൂർണ്ണമായും പരാജയപ്പെട്ടു കഴിഞ്ഞിരിക്കുകയാണ്. ഇതിന്റെ ഭാഗമായിട്ടാണ് കച്ചവടക്കാരിൽ ആശങ്കയുണ്ടായിട്ടുള്ളത്. ഇത് പരിഹരിക്കാൻ ഗവൺമെന്റ് എന്തുചെയ്തു? ഇവിടെ റൂളുവടി ഉപയോഗിച്ചുകൊണ്ട് കാര്യങ്ങളെല്ലാം ചെയ്യാൻ സാധിക്കില്ല. ഈ കച്ചവട സമൂഹത്തെ ബോദ്ധ്യപ്പെടുത്താനുള്ള ബാദ്ധ്യത ഗവൺമെന്റിന് ഉണ്ടായിരുന്നു, അത് ചെയ്തില്ല എന്നതാണ് ഈ പ്രശ്നത്തിന് അടിസ്ഥാനപരമായ കാരണം. വാറ്റ് സിസ്റ്റം നടപ്പാക്കിയാൽ കേരളത്തിലെ വ്യാപാര മേഖല തകരുമെന്നാണ് അവർ ആശങ്കപ്പെടുന്നത്. മറ്റൊന്ന് നികുതിഭാരം കൂടും. ചെറുകിട കച്ചവടക്കാർ എന്നൊരു സമൂഹം നമ്മുടെ കേരളത്തിൽ ഇല്ലാതാകും എന്നതാണ് അവരുടെ ഭയം. വൻകിടക്കാർ ചെറുകിട വ്യാപാരികളെ വിഴുങ്ങും. ഈ ആശങ്ക ചെറുകിട വ്യാപാരികളിൽക്കൂടി വ്യാപിച്ചിരിക്കുകയാണ്. ഉദ്യോഗസ്ഥ പീഡനം ഈ കച്ചവടക്കാർ സഹിക്കേണ്ടിവരും എന്ന സ്ഥിതി വിശേഷമാണ് ഉണ്ടായിരിക്കുന്നത്. ഇതിന്റെ ഭാഗമായിട്ടാണ് വ്യാപാരി സമൂഹത്തെയാകെ ഇതിനെതിരായിട്ട് അണിനിരത്താൻ ഒരു വിഭാഗം വ്യാപാരി സംഘടനകൾക്ക് സാധിച്ചിരിക്കുന്നത്. സംസ്ഥാന ഗവൺമെന്റിന്റെ കഴിവുകേടു കൊണ്ടാണ് ഈ സ്ഥിതിവിശേഷത്തിലേക്ക് സ്ഥിതിഗതികൾ ചെന്നെത്തിയിരിക്കുന്നത്. ഏറ്റവും വലിയ പ്രശ്നം ഉണ്ടായിരിക്കുന്നത് ഔഷധ വ്യാപാര മേഖലയിലാണ്. ഔഷധ വ്യാപാരികൾ നടത്തിയ സമരം പിൻവലിച്ചിട്ടും മരുന്നുക്ഷാമം കേരളത്തിൽ തുടരുകയാണ്. ജീവൻരക്ഷാ മരുന്നുകൾ ഇന്ന് പലതും ലഭ്യമാകുന്നില്ല. വിലകുറഞ്ഞ മരുന്നുകളാണ് ഇപ്പോൾ വിപണി കയ്യടക്കിയിരിക്കുന്നത്. ആസ്തമ, ക്ഷയം എന്നിവയ്ക്കുള്ള മരുന്നുകൾ ഇപ്പോൾ കിട്ടാതായിരിക്കുകയാണ്. പ്രമേഹത്തിനുള്ള ഇൻസുലിനും മറ്റു മരുന്നുകളും കിട്ടുന്നില്ല. 21 രൂപയ്ക്ക് കിട്ടുന്ന ഡയബറ്റിസ് ഗുളിക നമ്മുടെ ടി. കെ. ബാലേട്ടൻ മംഗലാപുരത്തു പോയി 200 രൂപ കൊടുത്തിട്ടാണ് വാങ്ങിയത്. ഡയബറ്റിസ് രോഗികൾ അനുഭവിക്കുന്ന പ്രയാസം വിവരണാതീതമാണ്. രക്തസമ്മർദ്ദത്തിനുള്ള മരുന്ന് കിട്ടുന്നില്ല. ഹൃദ്രോഗത്തിനുള്ള മരുന്ന് കിട്ടുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ആന്റിബയോട്ടിക്കുകൾ കിട്ടുന്നില്ല. നമ്മുടെ ആരോഗ്യമന്ത്രി ശ്രീ. രാമചന്ദ്രൻ മാഷ് ആ സമയത്താണ് മന്ത് ഗുളികയന്വേഷിച്ച് നടക്കുന്നത്. ഇവിടെ അടിയന്തിരമായി മരുന്ന് ക്ഷാമം പരിഹരിക്കാൻ ശ്രമിക്കുന്നതിനു പകരം ആരോഗ്യമന്ത്രി വേറെ ഒരു വഴിക്ക് പോയിരിക്കുകയാണ്. കേരളത്തിലെ ജനങ്ങളെ ബാധിക്കുന്ന ഈ പ്രശ്നം പരിഹരിക്കാൻ സംസ്ഥാന ഗവൺമെന്റിന് എത്രമാത്രം താൽപ്പര്യമുണ്ടെന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണിത്. വടക്കൻ ജില്ലകളിലാണ് സ്ഥിതിഗതികൾ രൂക്ഷമായിരിക്കുന്നത്. അവിടെയുള്ള കച്ചവടക്കാർ എല്ലാം കച്ചവടം നിർത്തിയതോടുകൂടി ജനങ്ങൾ സാധനങ്ങൾക്കു വേണ്ടി കർണ്ണാടക സംസ്ഥാനത്തേക്ക് പോകുന്ന സ്ഥിതിവിശേഷമാണുള്ളത്. കേരളത്തിൽ കഴിഞ്ഞ കുറേ ദിവസങ്ങളായി ചരക്ക് വരവ് കുറഞ്ഞിട്ടുണ്ട് എന്ന് മന്ത്രി തന്നെ സമ്മതിച്ചു. ഇത് വ്യക്തമാക്കുന്നത് ഇവിടെ കച്ചവടം നടക്കുന്നില്ല, ഇവിടെ കച്ചവടം നടക്കുന്നതിനുപകരം നമ്മുടെ കച്ചവടം മറ്റു സംസ്ഥാനത്തേക്ക് ഒഴുകിയിരിക്കുകയാണ്. ഗവൺമെന്റിന്റെ നിലപാടിന്റെ ഫലമായിട്ടാണ് ഇത് സംഭവിച്ചിരിക്കുന്നത്. ഈ സമരകാലത്ത് ചില മൊത്ത കച്ചവടക്കാർ; മരുന്ന് കമ്പനിക്കാർ സ്വീകരിച്ച നിലപാടു കാരണം ഇപ്പോൾ മരുന്നിന്റെ വില വലിയ തോതിൽ വർദ്ധിക്കുന്നതിനും ഇടയായിരിക്കുകയാണ്. വാറ്റ് വരുമ്പോൾ മരുന്നിന്റെ നികുതി 9.2 ശതമാനത്തിൽ നിന്ന് 4 ശതമാനമായി കുറയുകയാണ് യഥാർത്ഥത്തിൽ ചെയ്യുന്നത്. ഇതിലെ പ്രശ്നം ഇപ്പോൾ മരുന്നു വാങ്ങി വച്ചിരിക്കുന്നത് 9.2 ശതമാനം നികുതി കൊടുത്തുകൊണ്ടാണ്. കച്ചവടക്കാർക്ക് ഈ വാങ്ങിവച്ചിരിക്കുന്ന മരുന്ന് ഏപ്രിൽ ഒന്നാം തീയതിക്കുശേഷം വിൽക്കുമ്പോൾ 4 ശതമാനം നികുതി മാത്രമേ ഈടാക്കാൻ സാധിക്കുകയുള്ളൂ. അപ്പോൾ കച്ചവടക്കാർക്കു വരുന്ന നഷ്ടം എങ്ങനെ പരിഹരിക്കും എന്ന ആശങ്കയാണ് മരുന്ന് വ്യാപാരികൾ മുന്നോട്ടുവച്ചിരിക്കുന്നത്. ഇതിന് ഗവൺമെന്റിന് ഒരു ഉത്തരം കൊടുക്കാൻ സാധിച്ചിട്ടില്ല. ഇതിന്റെ ഫലമായി അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം ഈ ഔഷധ വ്യാപാര രംഗത്ത് വന്നുചേർന്നു. ഗവൺമെന്റ് ചെയ്ത ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽ ഞാൻ പെടുത്തുകയാണ്. 21 ഡ്രഗ്സ് ലൈസൻസ് സസ്പെൻഡ് ചെയ്തു. 21 എണ്ണം സസ്പെൻഡ് ചെയ്തപ്പോൾ ഇന്നലെ ഡ്രഗ്സ് കൺട്രോളർ കീഴ്തലത്തിൽ വിളിച്ച് മരുന്ന് വിൽക്കാൻ നിർദ്ദേശം കൊടുത്തിരിക്കുകയാണ്. ഒരു ഭാഗത്ത് സസ്പെൻഡ് ചെയ്ത ഗവൺമെന്റു തന്നെ ഓറൽ ഉത്തരവു പ്രകാരം മരുന്ന് വിൽക്കാൻ വേറൊരു ഭാഗത്ത് അനുവാദം കൊടുത്തിരിക്കുന്നു എന്നതാണ് വാർത്ത. ഇതെങ്ങനെ സംഭവിച്ചു, മരുന്നിന് ഇത്രയധികം ഗുരുതരമായ സ്ഥിതിവിശേഷം ഉണ്ടാക്കി, കൃത്രിമക്ഷാമം സൃഷ്ടിക്കുന്നവരെ നേരിടാൻ

LIBRARY ARCHIVES Kerala Legislative Assembly

"എസൻഷ്യൽ കമോഡിറ്റീസ് ആക്ട്" എന്തുകൊണ്ട് നിങ്ങൾ പ്രയോഗിച്ചില്ല. ഇവിടെ ജനങ്ങളുടെ ജീവൻ ഇട്ട് പന്താടുകയാണ് ഗവൺമെന്റ് ചെയ്തത്. അവർക്കു നേരെ വേണമെങ്കിൽ 'എസ്മ' പ്രയോഗിക്കാം. എന്തുകൊണ്ട് നിങ്ങൾ 'എസ്മ' പ്രയോഗിച്ചില്ല. ഇവിടെ തൊഴിലാളികളാണ് പണിമുടക്കുന്നത് എങ്കിൽ നിങ്ങൾ 'എസ്മ' പ്രയോഗിക്കില്ലേ, സാധാരണക്കാരനാണ് പണിമുടക്കുന്നതെങ്കിൽ നിങ്ങൾ 'എസ്മ' പ്രയോഗിക്കില്ലേ? എന്തുകൊണ്ട് ഈ കടുത്ത നടപടികൾ സ്വീകരിക്കാൻ തയ്യാറായില്ല. ഈ ഗൗരവതരമായ സ്ഥിതിവിശേഷം നേരിടുന്നതിൽ സർക്കാർ പൂർണ്ണമായി പരാജയപ്പെട്ടു. ബദൽ നടപടികളൊന്നും സ്വീകരിച്ചില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷനെ ഇതിനുവേണ്ടി സന്നദ്ധമാക്കിയില്ല. ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് സിവിൽ സപ്ലൈസ് കോർപ്പറേഷനെ തയ്യാറാക്കിയിട്ടുണ്ട് എന്നാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഒന്നും ചെയ്തിട്ടില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വാർഷിക സ്റ്റോക്കെടുപ്പ് എപ്പോഴാണ് നടക്കുന്നത്. മാർച്ച് 30, 31 തീയതികളിലാണ് വാർഷിക കണക്കെടുപ്പു നടക്കുന്നത്. അതേ ദിവസംതന്നെയാണ് വ്യാപാരികൾ സമരം പ്രഖ്യാപിച്ചത്. ഇതിന്റെ ഫലമായിട്ട് ഇപ്പോൾ ഗവൺമെന്റ് ചെയ്തത് വാർഷിക സ്റ്റോക്കെടുപ്പ് ഏപ്രിൽ 1, 2 തീയതികളിലേക്ക് മാറ്റി. 30, 31 എന്നുള്ളത് 1, 2 തീയതികളിലേക്ക് മാറ്റി. ഒന്നാം തീയതിയും കച്ചവടക്കാർ സമരം പ്രഖ്യാപിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കൈയിൽ ആവശ്യമായ യാതൊരു സംവിധാനവും ഇല്ല. 42 മെഡിക്കൽ സ്റ്റോറുകളാണ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റേത്.. സപ്ലൈ കോ യുടെ 42 മെഡിക്കൽ സ്റ്റോറുകളിൽപ്പോലും ആവശ്യമായ മരുന്ന് എത്തിക്കുന്നതിൽ സംസ്ഥാന ഗവൺമെന്റ് പൂർണ്ണമായി പരാജയപ്പെട്ടു. ഈ കടയടപ്പു സമരം വളരെമുമ്പ് പ്രഖ്യാപിച്ചതാണ്. ആരോഗ്യ വകുപ്പ്, നമ്മുടെ സിവിൽ സപ്ലൈസ് വകുപ്പ് ഈ രണ്ടു വകുപ്പുകളാണ് ഇതിൽ യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിക്കേണ്ടത്. ആ രണ്ടു വകുപ്പും ഇക്കാര്യത്തിൽ ഒന്നും ചെയ്യുന്നില്ല. ഇതിന്റെ ഫലമായിട്ടാണ് ഈ ഗുരുതരമായ സ്ഥിതിവിശേഷം സംസ്ഥാനത്തുണ്ടായിരിക്കുന്നത്. പഴം-പച്ചക്കറി വ്യാപാരികളും കടയടപ്പു സമരത്തിൽ പങ്കാളികളായിരിക്കുകയാണ്. ബോധപൂർവ്വം ഭക്ഷ്യവസ്തുക്കൾക്ക് ക്ഷാമം ഉണ്ടാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് പച്ചക്കറി, പഴം വ്യാപാരികളെക്കൂടി ഈ സമരത്തിന്റെ ഭാഗമാക്കി പ്രഖ്യാപിച്ചിരിക്കുന്നത്. ഇത് വൻകിട വ്യാപാരികളും സർക്കാരും ചേർന്ന് നടത്തുന്ന ഒത്തുകളിയാണ്. ഇവിടത്തെ ധനകാര്യമന്ത്രി ശ്രീ. വക്കം പുരുഷോത്തമനും കേരളത്തിലെ വ്യാപാരി ഏകോപനസമിതിക്കാരും ചേർന്ന് നടത്തുന്ന ഒത്തുകളിയുടെ ഫലമായിട്ടാണ് ഈ സമരം ഇവിടെ ഉണ്ടായിരിക്കുന്നത്. ഇത് വൻകിട വ്യാപാരികളെ സഹായിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയുള്ള ബോധപൂർവ്വമായ നീക്കത്തിന്റെ ഭാഗമാണ്. ഭക്ഷ്യവസ്തുക്കൾക്ക് കൃത്രിമമായി ക്ഷാമം സൃഷ്ടിച്ചുകൊണ്ട്, വൻകിട വ്യാപാരികൾ അടയ്ക്കുന്ന നികുതി ഒഴിവാക്കിക്കൊണ്ടുള്ള ഗൂഢാലോചനയാണ് ഇവിടെ നടക്കുന്നത്. മാർച്ച് മാസത്തിൽ സർക്കാരിന് നികുതിയിനത്തിൽ ലഭിക്കേണ്ടുന്ന കോടിക്കണക്കിന് രൂപ നമ്മുടെ സംസ്ഥാനത്തിന് നഷ്ടപ്പെടാൻ പോകുകയാണ്. കച്ചവടം നടക്കുന്നില്ല എന്നുപറഞ്ഞുകൊണ്ട് നികുതി വെട്ടിക്കാനാണ് വ്യാപാരികളുടെ നീക്കം. ബഹുമാനപ്പെട്ട ധനമന്ത്രി വളരെ ശക്തമായ നടപടി സ്വീകരിക്കും എന്ന് പുറത്ത് പ്രഖ്യാപിക്കുന്നുണ്ടെങ്കിലും നിയമസഭയിൽ വലിയ പ്രഖ്യാപനം നടത്തുന്നുണ്ടെങ്കിലും ഒരു പോലീസ് മുറയിൽ ഇതൊക്കെ കൈകാര്യം ചെയ്യും എന്നുള്ളതാണ്. തികഞ്ഞ പരാജയമാണ് ഈ സമരം നേരിടുന്ന കാര്യത്തിൽ ധനമന്ത്രിക്കുണ്ടായിരിക്കുന്നത്. എവിടെപ്പോയി വക്കത്തിന്റെ ഉശിര്. എവിടെപ്പോയി വക്കത്തിന്റെ ധീരത. ആ സ്പീക്കർ കസേരയിൽ ഇരുന്ന കാലത്ത് കാണിച്ച ധൈര്യമൊക്കെ എവിടെപ്പോയി മി. വക്കം. അതുകൊണ്ട് വൻകിട വ്യാപാരികളും ഈ ഗവൺമെന്റും ചേർന്ന് നടത്തിയ ഒരു ഒത്തുകളിയുടെ ഭാഗമായിട്ടാണ് ഈ സമരം ഇപ്പോൾ ഉണ്ടായിരിക്കുന്നത്. സമരം നടത്തുന്ന വ്യാപാരികളെ ചർച്ചയ്ക്ക് ക്ഷണിക്കാതെ പ്രശ്നം നീട്ടിക്കൊണ്ടുപോയി ഇത് പൊളിക്കാനുള്ള ബോധപൂർവ്വമായ നീക്കമാണ് ഈ സംസ്ഥാനത്ത് നടക്കുന്നത്. എല്ലാത്തിനും ഉത്തരവാദി ഈ ഗവൺമെന്റാണ്. ഈ ഗൗരവതരമായ സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിനുവേണ്ടി ഇന്നത്തെ സഭാ നടപടികൾ നിർത്തിവയ്ക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. അതിനുവേണ്ടി മുഖ്യമന്ത്രി തയ്യാറാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: ബഹുമാനപ്പെട്ട മെമ്പർ ഒരു ചെറിയ പ്രശ്നത്തെ ഇത്ര വികാരഭരിതമായി അവതരിപ്പിച്ച അദ്ദേഹത്തിന്റെ ആ കഴിവിനെ ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. പ്രശ്നമില്ലെന്ന് ഞാൻ പറയുന്നില്ല. ഒരു സംഘടന സമരം പ്രഖ്യാപിച്ചിരിക്കുകയാണ്. ഒരു സംഘടന ഒഴിച്ച്, ടാക്സ് തരുന്ന നിരവധി നിരവധി കച്ചവടക്കാരും മറ്റ് ആളുകളും, ബിസിനസ്സുകാരും, അവരുടെ സംഘടനകളുമുണ്ട് അവരെല്ലാം 'VAT' വെൽക്കം ചെയ്തിരിക്കുകയാണ്. ഈ ഒരു സംഘടന മാത്രമാണ് ഇതിനെ എതിർക്കുന്നത്, പക്ഷെ അവരുടെ ഡിമാന്റ് എന്താണ്, ശ്രീ. കോടിയേരിക്കും പറയാൻ കഴിഞ്ഞില്ല. അവരുടെ ഡിമാന്റ് ഗവൺമെന്റ് അംഗീകരിച്ചുകഴിഞ്ഞു. പിന്നെ എന്തിനാണ് ഈ സമരം എനിക്ക് മനസ്സിലാകുന്നില്ല, പക്ഷെ ഇവിടെ ഇത്രയും ഗുരുതരമായ ഒരു സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ ഇല്ലയോ എന്നുള്ളതാണ്. ആദ്യം ഒരു ദിവസം ഇവർ ഈ

LIBRARY ARCHIVES Kerala Legislative Assembly

ലോറികൾ തടുത്തു. ആരും തിരിച്ചുവിട്ടില്ല. തിരിച്ചുപോയില്ല. അവരോട് നിങ്ങൾ വരരുത് അങ്ങനെ ചില കാര്യങ്ങൾ പറഞ്ഞിട്ട് കേരളത്തിലേയ്ക്കുതന്നെ വരാൻ അനുവദിച്ചു. അത് കണ്ട അന്നുതന്നെ ഡി. ജി. പി.-യെ വിളിച്ച് കർശനമായ താക്കീത് കൊടുത്തു. ഇനി മേലാൽ ഇതു പാടില്ല. അവർ തിരിച്ച് അയച്ചില്ലായെങ്കിലും, അതിന്റെ അടിസ്ഥാനത്തിൽ ഡി. ജി. പി. വളരെ ആക്ട് ചെയ്തിട്ടുണ്ട്. എനിക്കു തന്നിരിക്കുന്ന ഇൻഫർമേഷൻ ഒരു സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ എല്ലാസ്ഥലത്തും സംവിധാനമായി. അതുകൊണ്ടാണ് അതിനുശേഷം വണ്ടി തടുക്കാതിരുന്നത്. ഞാൻ അവരെ കുറ്റം പറയുന്നില്ല. ഒരു ദിവസത്തെ തന്നെ വീണ്ടും കാണിക്കുന്ന പ്രവണത നമ്മുടെ ടി.വി.യ്ക്കുണ്ടെന്നുള്ളത് ശ്രീ. കോടിയേരിക്കും എനിക്കും അറിയാമല്ലോ. അതുകൊണ്ട് എല്ലാ ദിവസവും ടി.വി.യിൽ കാണുന്നുണ്ടെങ്കിൽ അത് ഒരു ദിവസത്തെ സംഭവം തന്നെയാണ്. അതല്ലാതെ പുതുതായിട്ടുള്ളതല്ല. പിന്നെ സാധനങ്ങളുടെ വില കൂടിയാൽ അത് ആദ്യം റിഫ്ലക്ട് ചെയ്യുന്നത് അരിയിലാണ്. ഇവിടെ അരിയുടെ വില കൂടിയിട്ടില്ല. അരിയുടെ വില കൂടിയാൽ നമുക്ക് ഏതാണ്ട് തെരഞ്ഞെടുത്ത 1400 റേഷൻ കടകളുണ്ട്, അരിയുടെ വില പുറത്തുകൂടിയാൽ ഉടനെ റേഷൻകടയിൽ സെയിൽസ് കൂടും പക്ഷേ റേഷൻകടയിൽ അങ്ങനെ കൂടിയിട്ടില്ല; എന്നുമാത്രമല്ല, ശ്രീ. കോടിയേരിക്ക് അറിയാമല്ലോ അരിയുടെ വില കൂടിയിരുന്നെങ്കിൽ നമ്മുടെ പാലക്കാട്ടെ നെല്ലെല്ലാം ഇരുപത്തിനാല് മണിക്കൂറിനകം അരിയായി വിൽക്കുകയില്ലായിരുന്നോ? അതും എടുക്കാൻ ആളില്ലല്ലോ. അപ്പോൾ, അരിയുടെ വിലയൊന്നും കൂടിയിട്ടില്ല. ഞാൻ സത്യസന്ധമായിട്ടാണ് പറഞ്ഞത്. വെജിറ്റബിൾസിന് സ്വൽപ്പം വില കൂടിയിട്ടുണ്ട്. അതും ക്രമാതീതമായിട്ട് കൂടിയിട്ടില്ല. സ്വൽപ്പം കൂടിയിട്ടുണ്ട്. അതിന്റെ കാരണം ഉണക്കു സീസണാണ്, അതുകൊണ്ടാണ്, ഈ കാലഘട്ടത്തിൽ എല്ലാവർഷവും വരും. പക്ഷേ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം നടപടി സ്വീകരിച്ചില്ല എന്നുപറയുന്നത് ശരിയല്ല. കേരളത്തിലെ സിവിൽ സപ്ലൈസിന്റെ അൻപത്തിയാറ് താലൂക്ക് ഡിപ്പോകളിലും ആവശ്യത്തിന് സ്റ്റോക്ക് ചെയ്തിട്ടുണ്ട്. അൻപത്തിയാറ് താലൂക്ക് ഡിപ്പോകൾ ഉണ്ട്. ഒരാഴ്ചത്തെ ആവശ്യത്തിനുള്ള സ്റ്റോക്ക് എല്ലാ ഡിപ്പോകളിലുമുണ്ട്. അവിടെ അരിയുണ്ട്, പഞ്ചസാരയുണ്ട്, മുളകുണ്ട്, പയർ, പലവ്യഞ്ജനങ്ങളെല്ലാമുണ്ട്. എല്ലാം ഒരാഴ്ചത്തേക്ക് സ്റ്റോക്ക് ചെയ്തിട്ടുണ്ട്. അതുകൊണ്ട് അത് കുഴപ്പമില്ല. പിന്നെ ഇതിന് പുറമേ 870 മാവേലി സ്റ്റോറുകളുണ്ട്. അവിടേയും ഗവൺമെന്റ് വിതരണം ചെയ്യുന്നുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സൂപ്പർ മാർക്കറ്റുകളുണ്ട്, 155 ലാഭം മാർക്കറ്റുകളുണ്ട്, ഇതിലെല്ലാം കൂടി നിത്യോപയോഗസാധനങ്ങൾ വിതരണം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാനുള്ള എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. മാവേലി മെഡിക്കൽ സ്റ്റോറിലും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അല്ലാതെ മിണ്ടാതിരിക്കുകയല്ല. മരുന്നു വിൽക്കുന്നതിനുവേണ്ടി മാവേലി മെഡിക്കൽ സ്റ്റോറിൽ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അവരും ആവശ്യത്തിന് മരുന്ന് സ്റ്റോക്ക് ചെയ്തിട്ടുണ്ട്. പിന്നെ മരുന്ന് ഉൽപ്പാദകരുടെ ചില സംഘടനകളൊക്കെ വിരട്ടിയാൽ ഗവൺമെന്റിനെ സറണ്ടർ ചെയ്യാനൊക്കുമോ? ഇല്ല. ഗവൺമെന്റ് ആരുടേയും മുന്നിൽ മുട്ടുകുത്തുകയില്ല. കോടിയേരിക്ക് അങ്ങനെ സംശയമൊന്നും വേണ്ട, ഗവൺമെന്റ് ആരുടേയും മുന്നിൽ മുട്ടുകുത്തുകയില്ല. അതേയവസരത്തിൽ ഇവരെയെല്ലാം ശത്രുക്കളായി കണ്ട് ഇവരെ അടിച്ച് അകത്താക്കണമെന്ന മനോഭാവം ഗവൺമെന്റിനില്ല. ആ രീതിയിലേക്ക് കടുത്ത നടപടികളിലേക്ക് പോകുന്നില്ല. പക്ഷെ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന കടുത്ത നടപടികളിലേക്ക് അവർ പോകുകയാണെങ്കിൽ ഗവൺമെന്റും അതനുസരിച്ചുതന്നെ ഏത് ചട്ടത്തിന്റെ ബലത്തോടുകൂടിയാണെങ്കിലും നടപടി സ്വീകരിക്കും. അതുകൊണ്ട് ഒരു മൈൽഡായിട്ടുള്ള നിലപാടാണ് ഗവൺമെന്റ് അവരോട് സ്വീകരിക്കുന്നത്. അതേയവസരത്തിൽ എല്ലാ നിത്യോപയോഗ സാധനങ്ങളും വിതരണം ചെയ്യുന്നതിനുള്ള എല്ലാ നടപടി ക്രമങ്ങളും സ്വീകരിച്ചിട്ടുണ്ട്. കോടിയേരി ഉദ്യോഗസ്ഥൻമാരുടെ ഇടപെടലിനെക്കുറിച്ചു പറഞ്ഞു, ഉദ്യോഗസ്ഥൻമാരെ ഇതിലൊന്നും ഇടപെടാൻ സമ്മതിക്കുകയില്ല. വാറ്റ് നടപ്പിലാക്കാൻ തുടങ്ങി ആറുമാസക്കാലം ഒരു രീതിയിലുള്ള അനാവശ്യമായ ഇന്റർഫിയറൻസും ഉണ്ടാകുകയില്ലായെന്ന് ഈ ഹൗസിൽത്തന്നെ ഞാൻ വാക്കുതന്നതാണ്. അതുകൊണ്ട് ഈ വാറ്റ് വരുന്നതോടുകൂടി ഉദ്യോഗസ്ഥൻമാരുടെ ഇന്നുള്ള അധികാരങ്ങളിൽ വളരെ കുറവുവരും. ഇത് കുറച്ചു ട്രാൻസ്പെരന്റാകും. ട്രാൻസ്പെരന്റാകുമ്പോൾ ഇവേഷന് സാദ്ധ്യത കുറയും. അതാണ് ഞാൻ ആവർത്തിച്ചുപറയുന്നത്. ഇപ്പോൾ സെറ്റ് ഓഫ് എന്ന പ്രക്രിയയുള്ളതുകൊണ്ട്, ഇപ്പോൾ കോടിയേരിതന്നെ പറഞ്ഞു, മരുന്നുകാർ ഒൻപതര ശതമാനത്തിനു വാങ്ങിച്ചു, നാലു ശതമാനത്തിന് വിറ്റാലുണ്ടാകുന്ന നഷ്ടത്തെക്കുറിച്ച് അവർക്ക് സെറ്റ് ഓഫ് കിട്ടും. ഗവൺമെന്റ് അവരോട് പറഞ്ഞിട്ടുള്ളതാണ്. കൂടിയ വിലയ്ക്ക് സ്റ്റോക്ക് എടുത്ത് ഏപ്രിൽ ഒന്നാം തീയതി നികുതി കുറഞ്ഞാൽ നാലു ശതമാനത്തിനു വിൽക്കേണ്ടി വന്നാൽ അതിന് എത്ര നഷ്ടം വരുന്നു, അതിന് സെറ്റ് ഓഫ് കൊടുക്കും അത് വളരെ വ്യക്തമാണ്. അത് ഡിക്ലയർ ചെയ്തിട്ടുള്ളതാണ്. അതുകൊണ്ട് ആർക്കും ഈ ചെയിഞ്ച് ഓവറിൽ ഉണ്ടാകുന്ന ടാക്സിന്റെ ഡിഫറൻസുകൊണ്ട് ആർക്കും നഷ്ടമില്ല. പക്ഷെ ഒരു anxiety ഉണ്ട് എന്നുപറയുന്നത് ശരിയാണ്. അതുകൊണ്ടാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്

LIBRARY ARCHIVES Kerala Legislative Assembly

കച്ചവടം കുറച്ച് കുറഞ്ഞിട്ടുണ്ടെന്ന് ഞാൻ സത്യസന്ധമായിപറഞ്ഞതിന്റെ കാരണം ഇതാണ്. പക്ഷെ ഇവിടെ ഗുരുതരമായിട്ടുള്ള ഒരു സ്ഥിതിയും ഇപ്പോൾ നിലവിലില്ല. ഗവൺമെന്റ് വളരെ വാച്ച് ചെയ്യുകയാണ്. എന്തെങ്കിലും കഴിവുണ്ടെങ്കിൽ ആ കഴിവ് വിനിയോഗിക്കുന്നുണ്ട്. I am not sleeping over. പിന്നെ എന്നെപ്പറ്റി അങ്ങനെ കോടിയേരി പറഞ്ഞു കച്ചവടക്കാരുമായിട്ട്, അതൊന്നും ഞാൻ ചെയ്യുന്നവനല്ല എന്ന് ശ്രീ. കോടിയേരിക്ക് ഇത്രയും കാലത്തിനിടയ്ക്ക് മനസ്സിലായിട്ടില്ലേ? എനിക്ക് അവരുമായിട്ട് ഒരു ബന്ധവുമില്ല. ഒരു കാലത്തും ഉണ്ടായിട്ടില്ല, തെരഞ്ഞെടുപ്പുകാലത്തുപോലും ഞാൻ അങ്ങനെയുള്ള ബന്ധത്തിന് പോയിട്ടുള്ളവനല്ല. അതുകൊണ്ട് എനിക്ക് എന്റേതായിട്ടുള്ള ഒരു പ്രവർത്തനശൈലിയുണ്ട്, അതനുസരിച്ചേ ഞാൻ പ്രവർത്തിക്കുകയുള്ളൂ. അതുകൊണ്ട് സഭ നിറുത്തിവച്ച് ചർച്ച ചെയ്യത്തക്കവണ്ണമുള്ള ഗുരുതരമായ ഒരു സ്ഥിതിവിശേഷവുമില്ല. ഈ സമരംകൊണ്ട് ഇവിടെ നിത്യോപയോഗ സാധനങ്ങളുടെ വില കൂടാതിരിക്കാനും ലഭ്യതയിൽ കുറവുവരാതിരിക്കാനും സർവ്വ നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അതു തുടർന്നും സ്വീകരിക്കുകതന്നെ ചെയ്യും. എന്ന് ഈ സഭയ്ക്ക് വാക്കുതരുന്നു. അതുകൊണ്ട് സഭ നിറുത്തി ചർച്ച ചെയ്യേണ്ട സ്ഥിതിവിശേഷമില്ല.

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*: സർ, ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ഇവിടെ പറഞ്ഞു, മരുന്നിന് ക്ഷാമമാണെന്ന്, എവിടെയാണ് മരുന്നിന് ക്ഷാമമുള്ളതെന്ന് ചൂണ്ടിക്കാണിച്ചാൽ .....(ബഹളം).....നിൽക്ക്, പറയട്ടെ, നിങ്ങൾ ഇങ്ങനെ ബഹളം വച്ചതുകൊണ്ട് കാര്യമുണ്ടോ?

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്.....

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: എവിടെയാണ് മരുന്നിന് കുറവുള്ളതെന്ന് നിങ്ങൾ എഴുതി തന്നാൽ അത് ഇന്നത്തെ ദിവസം പരിഹരിച്ചിരിക്കും. ഇന്നത്തെ ദിവസം, വെറുതെ പുകമറ വരുത്തി ആളുകളുടെ ഇടയിൽ സംശയമുണ്ടാക്കരുത്. ജീവൻ രക്ഷാമരുന്നുകൾ വിപണിയിൽ ലഭ്യമല്ലായെന്ന് പറഞ്ഞ് വെറുതെ ആളുകളുടെ ഇടയിൽ ആശങ്കയുണ്ടാക്കി കുഴപ്പം സൃഷ്ടിക്കാൻ ശ്രമിക്കുന്നത് ശരിയല്ല. എല്ലാ മരുന്നും അവയ്‌ലബിൾ ആണ്. മാർക്കറ്റിൽ ഒരു കടയിൽ ഇല്ലെങ്കിൽ മറ്റൊരു കടയിലുണ്ട്. അല്ലാതെ ബഹളം കൂട്ടിയിട്ട് കാര്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി *(ശ്രീ. അടൂർ പ്രകാശ്)*: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ്, സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ മാർച്ച് 30, 31 തീയതികളിൽ സ്റ്റോക്ക് എടുപ്പ് നടത്തുകയാണ്, സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ എല്ലാ ഡിപ്പോകളും അടച്ചിടുമെന്നാണ് ഇവിടെ പറഞ്ഞത്. സർ, അതിന് പ്രത്യേകമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. 2005 മാർച്ച് 30, 31 തീയതികളിൽ സ്റ്റോക്കെടുപ്പ് നടത്തേണ്ടതില്ല, അതിനുശേഷം മാത്രം നടത്തിയാൽ മതിയെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിനെ അറിയിക്കുകയാണ്. ഒന്നാം തീയതിയും അടയ്ക്കുന്ന പ്രശ്നമില്ല. അതുകൊണ്ട് സാധനങ്ങളുടെ കാര്യത്തിൽ യാതൊരുവിധമായ ക്ഷാമവും ഉണ്ടാകില്ല എന്ന് ഉറപ്പുതരുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഗുരുതരമായ ഈ പ്രശ്നം കണക്കിലെടുത്തുകൊണ്ട് ബന്ധപ്പെട്ടവരുമായി ഒന്ന് ചർച്ചചെയ്ത് ഈ സമരം നമുക്ക് ഒഴിവാക്കാൻ ആലോചിച്ചുകൂടേ.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: ഈ സമരരംഗത്തുള്ള വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ നേതാക്കളെ ധനകാര്യമന്ത്രിയും ഞാനും വിളിച്ച് സംസാരിക്കുകയും പത്തു മിനിട്ടുപോലും ചർച്ച നീണ്ടുനിൽക്കാതെ ഞങ്ങൾ ധാരണയിൽ എത്തുകയും ചെയ്തു. അവർ പറഞ്ഞ വ്യവസ്ഥ ഞങ്ങൾ അംഗീകരിച്ചു. പതിനെട്ടാമത്തെ സംസ്ഥാനമായിട്ടേ കേരളത്തിൽ വാറ്റ് നടപ്പിലാക്കാവൂ എന്നത് അവിടെവച്ചുതന്നെ സമ്മതിച്ചു. ആ ധാരണ നിൽക്കെയാണ് ഇപ്പോൾ ഈ പ്രശ്നത്തിലേക്ക് എത്തിയത്. അന്ന് ഞങ്ങൾ ചോദിച്ചു സമരം പിൻവലിക്കില്ലേ എന്ന്. അവർ പറഞ്ഞ മറുപടി മാർച്ച് 30, 31, ഏപ്രിൽ 1 തീയതികളിലെ സമരം അഖിലേന്ത്യാ തലത്തിലുള്ള സമരമാണ്. അതുകൊണ്ട് ഞങ്ങൾക്ക് മാത്രമായിട്ട് പിൻവലിക്കാൻ സാധിക്കില്ല. അഖിലേന്ത്യാ തലത്തിൽ തീരുമാനിച്ചതിന്റെ ഭാഗമായിട്ടാണ് സമരം നടക്കുക. ഇത് പറഞ്ഞാണ് പിരിഞ്ഞു പോയത്. ആ ധാരണയിൽത്തന്നെയാണ് ഗവണ്മെന്റ് നിൽക്കുന്നത്. ഇതിനകത്ത് പിടിവാശിയൊന്നുമില്ല. കേരളത്തിന് മാത്രമായിട്ട് ഇതിൽനിന്നും മാറി നിൽക്കാൻ സാധിക്കില്ല. ഇപ്പോൾ പശ്ചിമ ബംഗാൾ ധനകാര്യ വകുപ്പുമന്ത്രി ചെയർമാനായിട്ടുള്ള കമ്മിറ്റി വർഷങ്ങളായി ചർച്ച നടത്തി അതിന്റെ എല്ലാ വശങ്ങളും നോക്കിയശേഷം എടുത്ത തീരുമാനമാണ്. അതിൽനിന്നും കേരളത്തിന് മാത്രമായിട്ട് മാറി നിൽക്കാൻ സാധിക്കില്ല. ഗവണ്മെന്റിന് പിടിവാശിയുണ്ടെന്ന രീതിയിലുള്ള പ്രചരണം നടത്തുന്നത് ശരിയല്ല. ഇൻഡ്യയൊട്ടാകെ നടപ്പിലാക്കുന്നതിൽനിന്നും നമുക്ക് മാറി നിൽക്കാൻ സാധിക്കില്ല. ഭൂരിപക്ഷം സംസ്ഥാനങ്ങളും

10.00 A.M.]

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കാത്ത സാഹചര്യത്തിൽ കേരളത്തിൽ നടപ്പിലാക്കുന്നത് ശരിയാണോ എന്ന ചോദ്യത്തിന് മുമ്പിലാണ് ഈ ഉറപ്പ് നൽകിയത്. ഇപ്പോൾ വ്യാപാരികൾ പറയുന്നത്, ഇത് ഭൂരിപക്ഷം സ്റ്റേറ്റുകളിലും നടപ്പിലാക്കില്ല എന്നാണ് പ്രചരിപ്പിക്കുന്നത്. അങ്ങനെയാണെങ്കിൽ സമരത്തിന്റെ ആവശ്യമില്ല. ഒന്നാം തീയതി ഏതൊക്കെ സംസ്ഥാനങ്ങൾ നടപ്പിലാക്കുന്നുണ്ട്? കഴിഞ്ഞ ദിവസം കേന്ദ്ര ഗവണ്മെന്റിന്റെ ധനകാര്യ വകുപ്പുമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ 21 സംസ്ഥാനങ്ങളിൽ നടപ്പിലാക്കും എന്നു പറഞ്ഞ് വന്നിട്ടുണ്ട്. അതുകൊണ്ട് ഗവണ്മെന്റിന് അക്കാര്യത്തിൽ യാതൊരു പിടിവാശിയുമില്ല. അഖിലേന്ത്യാ തലത്തിൽ എല്ലായിടത്തും നടപ്പിലാക്കുന്നതിൽനിന്നും മാറി നിന്നു കഴിഞ്ഞാൽ അതിന്റെ ഭവിഷ്യത്ത് നമുക്ക് ഉണ്ടാകും. നമ്മുടെ സംസ്ഥാനത്തിന് പല വിധത്തിലുള്ള താൽപര്യങ്ങൾ വരും. ഞങ്ങൾ മറ്റൊരു ഉറപ്പു കൊടുത്തു. ഭൂരിപക്ഷം സംസ്ഥാനങ്ങളും നടപ്പിലാക്കുന്ന സാഹചര്യത്തിൽ കേരളത്തിൽ നടപ്പിലാക്കേണ്ടി വന്നാൽ നിങ്ങൾക്കുള്ള ആശങ്ക എന്തൊക്കെയാണ്, നിങ്ങൾക്കുള്ള സംശയം എന്തൊക്കെയാണ്, എന്തിനെയൊക്കെയാണ് നിങ്ങൾ ഭയപ്പെടുന്നത്? അതിന് ഗവണ്മെന്റ് ന്യായമായ തീരുമാനങ്ങൾ ഉണ്ടാക്കും. ധനകാര്യവകുപ്പുമന്ത്രി ഈ സഭയിൽ പ്രഖ്യാപിച്ചു. ആറ് മാസത്തേയ്ക്ക് ഇതിന്റെ നടപടികളിൽ അയവുള്ള സമീപനം മാത്രമേ സ്വീകരിക്കൂ എന്ന് പറഞ്ഞു. ആറ് മാസത്തിനുള്ളിൽ വ്യാപാരികളുടെ പ്രതിനിധികളെക്കൂടി വച്ചുകൊണ്ട് ഒരു കമ്മിറ്റി വച്ച് വ്യാപാരികൾക്ക് പറയാനുള്ള കാര്യങ്ങളെല്ലാംതന്നെ പറഞ്ഞ് ഏതൊക്കെ കാര്യങ്ങളിലാണ് അവർക്കുള്ള സംശയം, ആശങ്ക എന്നിവ മനസ്സിലാക്കി അതിന് പരിഹാരം ഉണ്ടാക്കുന്നതിനുള്ള നടപടികൾ വേഗത്തിൽ സ്വീകരിക്കുമെന്ന് പറഞ്ഞു. അത് വീണ്ടും ആവർത്തിക്കുന്നു. ചർച്ച ചെയ്യാൻ തയ്യാറാണ്. പ്രായോഗികമായ ബുദ്ധിമുട്ടുകളുണ്ടെങ്കിൽ പരിഹരിക്കാൻ തയ്യാറാണ്. ഭൂരിപക്ഷം സംസ്ഥാനങ്ങളും നടപ്പിലാക്കുന്ന സമയത്ത് വ്യാപാരികളുമായി ഉണ്ടാക്കിയ ധാരണയുടെ അടിസ്ഥാനത്തിൽ വാറ്റ് നടപ്പിലാക്കില്ല എന്നു മാത്രം പറയാൻ സാധിക്കില്ല. അത് അവരുമായുണ്ടാക്കിയ ധാരണയാണ്. അതേസമയം അവരുടെ എല്ലാ ബുദ്ധിമുട്ടുകളും കേൾക്കാനും പരിഹാരം ഉണ്ടാക്കാനും തയ്യാറാണ്. ഈ സാഹചര്യത്തിൽ എനിക്ക് വീണ്ടും വ്യാപാരികളോട് അഭ്യർത്ഥിക്കാനുള്ളത്, അവർ ഈ സമരരംഗത്തുനിന്നും മാറണം. ഗവണ്മെന്റുമായിട്ട് സഹകരിക്കണം. അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ ഗവണ്മെന്റ് തുറന്ന മനസ്സോടുകൂടി അതിനെ സമീപിക്കാൻ തയ്യാറാണ്.

മി. സ്പീക്കർ: മുഖ്യമന്ത്രിയുടേയും ധനകാര്യവകുപ്പുമന്ത്രിയുടേയും സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയുടേയും ആരോഗ്യ വകുപ്പുമന്ത്രിയുടേയുമൊക്കെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയയാവതരണത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly